I/265724/2024

**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : M P AJITHKUMAR)**

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് – ജീവനക്കാര്യം - ഒന്നാംതരം ഓവർസീയർ / ഒന്നാംതരം ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിലെ നേരിട്ടുള്ള നിയമനം - ക്രമവത്ക്കരിച്ച് ഉത്തരവാകുന്നു.

പരാമർശം: 1) കേരളാ പബ്ലിക് സർവീസ് കമ്മിഷൻ, എറണാകുളം റീജിയണൽ ഓഫീസിൽ നിന്നും ലഭ്യമായ നിയമന പരിശോധന സർട്ടിഫിക്കറ്റ്.

2) വിവിധ ജില്ലാ പോലീസ് മേധാവികളുടെ വിവിധ തീയതികളിലെ അന്വേഷണ റിപ്പോർട്ട്.

**ഉത്തരവ് നമ്പർ .LSGD/PD/12184/2023-DEE1 തീയതി:19-04-2024**

കേരളാ പബ്ലിക് സർവീസ് കമ്മിഷന്റെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ ഒന്നാംതരം ഓവർസീയർ / ഒന്നാംതരം ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിൽ നിയമനം ലഭിച്ചിട്ടുള്ള ചുവടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ പി.എസ്.സി. വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും അനുകൂല പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടും പരാമർശങ്ങൾ പ്രകാരം ലഭ്യമായിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ ചുവടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ കേരളാ പബ്ലിക് സർവീസ് കമ്മിഷൻ മുഖാന്തിരമുള്ള ഈ വകുപ്പിലെ ഒന്നാംതരം ഓവർസീയർ / ഒന്നാംതരം ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലെ നിയമനം ടി ജീവനക്കാർ ടി തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ ക്രമവത്ക്കരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| Sl No. | Name of Employee | Date of joining in Present Post | Service regularized with effect from |
|---|---|---|---|
| 1 | Neena P V | 23.11.2019 FN | 23.11.2019 FN |
| 2 | Ananth Krishnan R | 24.11.2022 FN | 24.11.2022 FN |
| 3 | Manjusha M | 28.11.2019 FN | 28.11.2019 FN |
| 4 | Gifty Das D | 31.01.2020 FN | 31.01.2020 FN |

നിയമനം ക്രമവത്ക്കരിച്ച തീയതി മുതൽ ഈ ജീവനക്കാരുടെ നിരീക്ഷണകാലയളവ് ആരംഭിക്കുന്നതാണ്.

ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ നിയമനം ക്രമവത്കരണവുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖപ്പെടുത്തലുകൾ ഈ ജീവനക്കാരുടെ സേവനപുസ്തകത്തിൽ വരുത്തേണ്ടതും, കേരളാ പബ്ലിക് സർവീസ് കമ്മീഷന്റെ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, സർവീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ (ഹോളോഗ്രാം മുദ്രയോടുകൂടിയത്) സേവനപുസ്തകത്തിൽ പതിച്ച് സൂക്ഷിക്കേണ്ടതുമാണ്.

M P AJITHKUMAR
ADDITIONAL DIRECTOR

ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണാധികാരി മുഖാന്തിരം).

പകർപ്പ് :

1. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം / ആലപ്പുഴ / പത്തനംതിട്ട / കോട്ടയം (ബന്ധപ്പെട്ട ജീവനക്കാരുടെ കേരളാ പബ്ലിക് സർവീസ് കമ്മീഷന്റെ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, സർവീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ (ഹോളോഗ്രാം മുദ്രയോടുകൂടിയത്) സഹിതം സുരക്ഷിതമാർഗേന).
2. സൂപ്രണ്ട്, ഐ. ടി. സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
3. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

Signed by
M P Ajithkumar
Date: 19-04-2024 13:37:53